**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4260** **28-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദി വ്യവസായം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി വ്യവസായം ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി വ്യവസായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉല്പാദന ഇൻസെന്റീവ് വർദ്ധിപ്പിച്ചത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി 'ഖാദി ഗ്രാമം പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യ വൽക്കരണം തുടങ്ങിയവ നടപ്പിലാക്കി യിട്ടുണ്ട്. കൂടാതെ, യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതനുസ്സരിച്ച് ഒരു താലൂക്കിൽ ഒന്ന് എന്ന നിലയിൽ സ്വകാര്യ പങ്കളിത്തത്തോടെ സംസ്ഥാനമൊട്ടാകെ 75 പുതിയ ഖാദി ഷോറൂമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റിച്ചിംഗ്, ആൾട്ടറേഷൻ എന്നീ സൗകര്യങ്ങളും, ലോൺട്രി സൗകര്യവും ആവശ്യത്തിന് പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ ആധുനിക |

| | | | |
|---|---|---|---|
| | | | നിലവാര ത്തിലുള്ള ഷോറൂമുകളാണ് തുടങ്ങുന്നത്. തിരുവനന്തപുരത്ത് ആധുനിക ഷോറൂമിന്റെ ഫർണിഷിംഗ് നടന്നുവരുന്നു ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കു ന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദിയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഇനത്തിൽ 2021-22 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14 കോടി രൂപയിൽ 12 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പട്ടുനൂലിന്റെ ഉത്പ്പാദനം വർധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടുനൂലിന്റെ ഉത്പ്പാദനം വർദ്ധിപ്പിക്കാൻ നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ